**കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**
**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**
**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**
**തിരുവനന്തപുരം -1**

---

| | |
|---|---|
| **പ്രസിഡന്റ്** | **സെക്രട്ടറി ഇൻ ചാർജ് ഓഫ്** |
| **കെ.പി.ധനപാലൻ Ex.MP** | **ജനറൽ സെക്രട്ടറി** |
| | **കെ.സി.രാജൻ** |

---

തിരുവനന്തപുരം
02.09.2017

**നമ്പർ. 8/2017**

## സർക്കുലർ

സുഹൃത്തേ,

31-08-2017 വ്യാഴാഴ്ച രാവിലെ കൃത്യം 10.30 ന് പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ വർക്കിംഗ് കമ്മിറ്റി ചേർന്നു. ജനറൽ സെക്രട്ടറി (ചാർജുള്ള സെക്രട്ടറി) മിനിറ്റ്സും റിപ്പോർട്ടും അവതരിപ്പിച്ച് അംഗീകാരം നേടി. സംഘടന കാര്യങ്ങൾ, ജനറൽ ട്രാൻസ്ഫർ, സംസ്ഥാന സമ്മേളനം, അച്ചടക്കം തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു. താഴെ പറയുന്ന വിഷയങ്ങൾ വർക്കിംഗ് കമ്മിറ്റി അംഗീകരിച്ചു.

### ജനറൽ ട്രാൻസ്ഫർ - 2017

ട്രാൻസ്ഫറിന്റെ പേരിൽ ഗവൺമെന്റും ബോർഡ് മാനേജ്മെന്റും തസ്തിക വെട്ടിനിരത്തിയതിനെതിരെ തിരുവനന്തപുരം പട്ടം വൈദ്യുതിഭവന് മുന്നിൽ 8.9.2017 വെള്ളിയാഴ്ച പ്രതിഷേധ ധർണ്ണ നടത്തുവാൻ തീരുമാനിച്ചു. ധർണ്ണ വിജയിപ്പിക്കുന്നതിലേയ്ക്കായി എല്ലാ ഡിവിഷനുകളുടെയും പൂർണ്ണ സഹകരണം വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ ഉറപ്പ് നൽകി. തസ്തികകൾ ഇല്ലാതാക്കി ബോർഡിന്റെ സാമ്പത്തിക സ്ഥിതി തകർക്കുന്നതും ജീവനക്കാരുടെ സുരക്ഷയ്ക്ക് കോട്ടം വരുത്തുന്നതുമായ നടപടിക്കെതിരെ പത്രവാർത്ത നൽകാനും ചെയർമാനുൾപ്പടെയുള്ള വരെ പ്രതിഷേധം നേരിട്ടറിയിക്കുവാനും തീരുമാനിച്ചു.

### സംസ്ഥാന സമ്മേളനം

സെപ്തംബർ 8-ാം തീയതി ധർണ്ണ നടത്തേണ്ടതിനാൽ 19,20,21 തീയതികളിൽ നടത്തുവാനിരുന്ന സംസ്ഥാന സമ്മേളനം ഒക്ടോബർ 10,11,12 തീയതികളിലേക്ക് മാറ്റുവാനും തീരുമാനിച്ചു. Delegate list സെപ്തംബർ 7 ന് മുമ്പ് വരണാധികാരിക്ക് എത്തിക്കുവാനും തീരുമാനിച്ചു. അംഗങ്ങളുടെ വിഹിതം അതത് ഡിവിഷൻ കമ്മിറ്റികൾ സെപ്തംബർ 5-ാം തീയതിയോ അതിനുമുമ്പോ സംസ്ഥാന സമ്മേളന അക്കൗണ്ടിൽ A/c No. 37122628252, A/c Name. Kerala Electricity Employees Confederation (SBI, Ernakulam Chittoor Road, IFS Code – SBIN0071129) അടയ്ക്കണമെന്നും കൗൺസിൽ നിർദ്ദേശിച്ചു. എറണാകുളം ടൗൺഹാൾ, മറൈൻ ഡ്രൈവ് എന്നീ സ്ഥലങ്ങളിലെ ലഭ്യതയനുസരിച്ച് തീയതിയിൽ മാറ്റം വരുത്താമെന്നും കൗൺസിൽ അംഗീകരിച്ചു. ഇനിയും നടത്തുവാനുള്ള ജില്ലാ/ഡിവിഷൻ സമ്മേളനങ്ങൾ ഉടൻ നടത്തണമെന്നും നിർദ്ദേശിച്ചു. 500 ന്റെയും 1000 ന്റെയും അധികം കൂപ്പണുകൾ അടിയ്ക്കുവാനും തീരുമാനിച്ചു.

### കോൺഫെഡറേഷന്റെ വിവിധ ഘടകങ്ങൾ മാതൃസംഘടനയിൽ ലയിക്കുന്നു.

കാലകാലങ്ങളായി ഗ്രൂപ്പുകളായി നിന്നിരുന്ന കോൺഫെഡറേഷന്റെ വിവിധ ഘടകങ്ങൾ മാതൃസംഘടനയിൽ ലയിക്കുവാനുള്ള ചർച്ചകൾ പല ഘട്ടങ്ങളായി നടത്തിയിരുന്നു. INTUC സംസ്ഥാന പ്രസിഡന്റ് ശ്രീ.ആർ.ചന്ദ്രശേഖരന്റെ നിർദ്ദേശപ്രകാരം സംസ്ഥാന സമ്മേളനത്തിന് മുമ്പുതന്നെ മേൽ വിഭാഗങ്ങളെ

ലയിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന കമ്മിറ്റിയിലേക്ക് ഒരു വിഭാഗത്തിന് ഒരു സെക്രട്ടറി, എക്സ് ഒഫാഷ്യോ സ്ഥാനം മറ്റൊരു വിഭാഗത്തിന് സെക്രട്ടറി സ്ഥാനം മൂന്നാമത്തെ വിഭാഗത്തിന് സെക്രട്ടറി സ്ഥാനവും ഓർഗനൈസിംഗ് സെക്രട്ടറി സ്ഥാനവും നൽകുവാൻ വർക്കിംഗ് കമ്മിറ്റി തീരുമാനിച്ചു. അവസാനം പറഞ്ഞ വിഭാഗത്തിന് എറണാകുളം ജില്ലയിലുള്ള വിവിധ ഡിവിഷനുകളിലെ ഭാരവാഹിത്വം സംബന്ധിച്ച് നേരത്തെതന്നെ എറണാകുളം ജില്ലാക്കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതും സ്റ്റേറ്റ് കൗൺസിൽ അത് അംഗീകരിച്ചിട്ടുള്ളതുമാണ്.

**<u>എം.എസ്.റാവുത്തർ അനുസ്മരണം</u>**

ജില്ലാതലത്തിൽ അനുസ്മരണം സെപ്തംബർ 27-ാം തീയതി നടത്താൻ തീരുമാനിച്ചു. യോഗങ്ങളോ സാമൂഹ്യ പ്രവർത്തനങ്ങളോ നടത്തി അനുസ്മരണം നടത്താമെന്നും തീരുമാനിച്ചു. സംസ്ഥാനതല അനുസ്മരണം തിരുവനന്തപുരത്ത് നടത്താനും തീരുമാനിച്ചു.

**<u>എം.എസ്.റാവുത്തർ സ്മാരക മന്ദിരം</u>**

Property ക്ക് ചുറ്റുമുള്ള retain wall കെട്ടുവാനുള്ള എസ്റ്റിമേറ്റ് വർക്കിംഗ് കമ്മിറ്റി അംഗീകരിച്ചു. പണി ഉടൻ തുടങ്ങണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു. ബിൽഡിംഗ് കമ്മിറ്റിയും തീരുമാനിച്ചു.

**<u>Union office ചാർജ്ജ്</u>**

Union office ചാർജ്ജ് തിരുവനന്തപുരം ഡിവിഷൻ സെക്രട്ടറി ശ്രീ.ബിജുവിന് നൽകി.

**<u>സംഘടനാ വിഷയങ്ങൾ</u>**

പട്ടം വൈദ്യുതി ഭവനിൽ സംസ്ഥാനതലത്തിലുള്ള സംഘടനാ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വി.ഗോപകുമാർ, സജീവ് സി.എസ്, നോളൻ ജോ, വിനോദ് എം.എസ്, ഷെമീർ എന്നിവരെ ചുമതലപ്പെടുത്തി.

**<u>അന്വേഷണങ്ങൾ</u>**

10.8.2017 ന് എറണാകുളം ശിക്ഷക്സദനിൽ നടന്ന സ്റ്റേറ്റ് കൗൺസിലിനുശേഷം ശിക്ഷക്സദനിൽ വച്ച് തിരുവനന്തപുരം ജില്ലാ വർക്കിംഗ് പ്രസിഡന്റ് ആർ.അജിത്കുമാറിനെയും ഡിവിഷൻ സെക്രട്ടറി ബിജുവിനേയും പുറത്തുനിന്നുള്ള ഒരു വ്യക്തിയും ഒരു കോൺഫെഡറേഷൻ അംഗവും ചേർന്ന് അധിക്ഷേപിക്കുകയും നമ്മുടെ ഭാരവാഹികൾക്കെതിരെ കള്ളക്കേസ് എറണാകുളം സെന്റ്രൽ സ്റ്റേഷനിൽ നൽകുകയും ചെയ്ത സംഭവത്തെക്കുറിച്ചും ബോർഡും യൂണിയനുമായിട്ടുള്ള ചർച്ചയിൽ സംസ്ഥാനകമ്മിറ്റി ചുമതലപ്പെടുത്തിയ പ്രകാരം പങ്കെടുത്ത സംസ്ഥാന ജോയിന്റ് സെക്രട്ടറി ജോസ് ഫിലിപ്പിനെ സംഘടനയുടെ ഭാരവാഹി അധിക്ഷേപിച്ചെന്ന പരാതിയുംഅന്വേഷിക്കുന്നതിനും ഇതിന്റെ പിന്നിൽ മറ്റാരെങ്കിലുമുണ്ടോ എന്ന് അന്വേഷിക്കുന്നതിനുമായി ഒരു അന്വേഷണ കമ്മീഷനെ വർക്കിംഗ് കമ്മിറ്റി നിയമിച്ചു. കൊല്ലം ശ്രുകുമാർ ബി, കൺവീനറായ കമ്മീഷനിൽ ചിറ്റൂർ സുരേന്ദ്രൻ ശസ്ത്രുശർമ്മൻ എന്നിവരെ നിയമിച്ചു. കൃത്യം 3 ന് യോഗം അവസാനിച്ചു.

വിശ്വസ്തതയോടെ,

**കെ.സി.രാജൻ**
**സെക്രട്ടറി ഇൻ ചാർജ്ജ് ഓഫ്**
**ജനറൽ സെക്രട്ടറി**